KITE

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# കിനാവ്

## ST:MARY'S HIGH SCHOOL KADUMENI



# ഉള്ളടക്കം


1. ആശംസ – സ്കൂൾ മാനേജർ....................3

2.ആശംസ – ഹെഡ്മിസ്ട്രസ്.........................4

3.എഡിറ്റോറിയൽ ബോർഡ്.....................5

4.മാതൃഭാഷയുടെ പ്രാധാന്യം (ഉപന്യാസം)..7

5. നഷ്ടമാകുന്ന സൗഹൃദങ്ങൾ(ഉപന്യാസം)..11

6.മായാത്ത ഓർമ്മകളുമായി കേരളം..........13

7.സൗഹൃദം(കവിത)................................15

8.കാടിൻ മകൻ തൻ യാതന(കവിത).........17

9.ഗ്രാമം(ചിത്രം).......................................20

10.പ്രകൃതി(ചിത്രം)..................................19

11.പനിനീർ പുഷ്പം(ചിത്രം).......................22

12.തത്ത(ചിത്രം).......................................23

Dear Students,

'Little Kites' ന് എല്ലാ വിധ വിജയങ്ങളും

Information Technology മേഖലയിലെ കുട്ടികളുടെ വൈദഗ്ധ്യം
തെളിയിക്കുവാനും അതിലൂടെ നൂതനമായ ഒരു ഡിജിറ്റൽ-
ലോകവും പഠനാന്തരീക്ഷവും സൃഷ്ടിക്കുവാനും ഈ സംരംഭം

ഉപകരിക്കട്ടെ :-

വരും തലമുറയ്ക്ക് നേരിന്റെ പാതയിൽ

നന്മയുടെ നേർക്കാഴ്ചയായി Little Kites മാറട്ടെ എന്ന്

ആശംസിക്കുന്നു.

With Love & Prayers.

Fr. Jose Keechankeriyil
Manager

# ആശംസ

പ്രിയ വിദ്യാർത്ഥികളെ ,

ആധുനിക ലോകം വിവരസാങ്കേതിക വിദ്യയിലൂടെ വളരെയധികം നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ്. വിരൽത്തുമ്പിൽ വിസ്മയം തീർക്കുന്ന ഇന്നത്തെ ലോകത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തി നമ്മുടെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

**ഹെഡ് മിസ്ട്രസ്**
**എൽസിക്കുട്ടി ജോൺ കെ.**

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ:ശ്രീനാഥ് മനോജ്

## സബ് എഡിറ്റർ:റിച്ചാർഡ് പി ജെ

അംഗങ്ങൾ

നന്ദന. പി
വൈഷ്ണവ് കെ എസ്
ആൽഫ്രഡ് തോമസ്
നന്ദന പി.എസ്
മരീന പി.ജെയിംസ്
സാവിയോ എൻ ജെ
അജിൻ ബാബു
റസീൻ എൻ
മിൻഹാജ്
മുഹമ്മദ് റസൽ
മുഹമ്മദ് സിനാൻ
സന്ദീപ്
സൽമാൻ
അശ്വിൻ ആർ എസ്
ഹിബ ഫാത്തിമ
സിയാ മരിയ

# മുഖമൊഴി

അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന ഐ.ടി യുഗത്തിലാണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത് .വിവര സാങ്കേതിക വിദ്യയുടെ കുതിച്ച് ചാട്ടം നടക്കുന്ന കാലത്ത് കുട്ടികളിൽ സാങ്കേതിക വിദ്യകളുടെ അഭിരുചി വളർത്തുവാൻ സെന്റ് മേരീസ് ഹൈസ്കൂൾ കടുമേനി ലിറ്റിൽ കൈറ്റ്സിന്റെ എളിയ സംരംഭം. വിവര സാങ്കേതിക വിദ്യയെ നല്ല രീതിയിൽ ഉപയോഗിക്കാൻ കഴിയട്ടെ.......

എഡിറ്റർ

ശ്രീനാഥ് മനോജ് .

**ഉപന്യാസം**

# മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം

വിദ്യാഭ്യാസം ഒരു തുടർപ്രക്രിയയാണ്. ഒരു കുഞ്ഞ് ജനിച്ചു വീഴുന്ന നാൾമുതൽ പലതും പഠിച്ചുതുടങ്ങുന്നു മരണം വരെ ആ പ്രക്രിയ തുടർന്നു കൊണ്ടിരിക്കും മാതാവാണ് ഏതൊരു വ്യക്തിയുടെയും ആദ്യത്തെ ഗുരു. മാതൃഭാഷയാണ് ഏതൊരുവനും ആദ്യം വശമാക്കുന്ന ഭാഷ. മാതൃഭാഷയിലൂടെയാണ് ഓരോകുഞ്ഞും വസ്തുക്കളെ തിരിച്ചറിയുന്നത്.

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്.
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ"

എന്ന മഹാകവി വള്ളത്തോളിന്റെ വരികൾ മാതൃഭാഷയുടെ മഹത്വം വിളിച്ചോതുന്നു. മാതൃഭാഷ മാതാവിനു തുല്യയാണ് എന്ന് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്.കുഞ്ഞിന്റെ

ശാരീരിക വളർച്ചയിൽ മുലപ്പാലിനുള്ള സ്ഥാനമാണ് മാനസിക വളർച്ചയിൽ മാതൃഭാഷയ്ക്കുള്ളത് അതുകൊണ്ടാണ് മാത്രഭാഷയെ മാതാവിനു തുല്യമായി കണക്കാക്കുന്നത്.

ശൈശവദശയിൽ കുട്ടി വസ്തുക്കളെ തിരിച്ചറിയുന്നത് മാതൃഭാഷയിലൂടെയാണ് പൂവിനെയും പൂമ്പാറ്റയെയും അമ്മയെയും ചുറ്റുമുള്ള എല്ലാത്തിനെയും കുട്ടി മാതൃഭാഷയുടെ സഹായത്തോടെ മനസ്സിലാക്കുന്നത് അങ്ങനെയുള്ള ഒരു കുഞ്ഞിന്റെ ചിന്തയെ നിയന്ത്രിക്കുന്നതും മാത്രഭാഷയാണ്. ചിന്തയാണല്ലോ മനുഷ്യന്റെ വളർച്ചയുടെ അടിത്തറ മാതൃഭാഷയിലുള്ള ശരിയായ ഇഞ്ഞാനം ശരിയായതും വേഗത്തിലുമുള്ള ചിന്തയ്ക്കു കാരണമാകുന്നു മറിച്ച് മാതൃഭാഷാപഠനം തൃപ്ത്തികരമാകാതെ വന്നാൽ അത് ചിന്താവൈകല്യത്തിനുവരെകാരണമാകാം.
ഇതുതന്നെയാണ് മാതൃഭാഷാപഠനത്തിന്റെ ഏറ്റവും വലിയ പ്രസക്തിയും.

നാം ജീവിക്കുന്ന നാടിന്റെ എല്ലാ സവിശേഷതകളും നമ്മുടെ ഭാഷയിൽ കലർന്നിരിക്കുന്നു മാതൃഭാഷാ സാഹിത്യത്തിൽ ഈ നാടിന്റെ സംസ്കാരവും കലർന്നിരിക്കുന്നു അതു പഠിക്കുമ്പോൾ കുട്ടി തന്റെ നാടിനെ അടുത്തറിയുകയും അതിന്റെ സാംസ്കാരിക പൈതൃകത്തിൽ അഭിമാനമുള്ളവരായി തീരുകയും ചെയ്യും.

അങ്ങനെയുള്ളയൊരു കുട്ടി അവന്റെ നാടിന്റെ പ്രശനങ്ങളെ കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നു. മാതൃഭാഷ ഉപേക്ഷിക്കുന്ന കുട്ടിയാകട്ടെ ക്രമേണ സ്വദേശത്തെ മറന്ന് തുടങ്ങുന്നു.

ഓരോ വ്യക്തിയുടെയും ഉള്ളിൽ പരതലത്തിലുള്ള കഴിവുകൾ ഒളിഞ്ഞിരിപ്പുണ്ട് കലാപരവും സാഹിത്യപരവുമായകഴിവുകൾ കണ്ടെത്തുന്നതിനു വികസിപ്പിക്കുന്നതിനും മാതൃഭാഷാപഠനം ഏറെ സഹായകരമാക്കുന്നു ആസ്വാതനശേഷി വളരാനും സഹൃദയത്വം നേടാനും മാതൃഭാഷാപഠനം ഏറ്റവും അത്യാവശ്യമാണ് ജനാത്യപത്യവെവസ്ഥയിൽ മാതൃഭാഷയ്ക്ക് പരമപ്രധാനമായ സ്ഥാനമുണ്ട്. സാദാരണകാരന്റെ വളർച്ചയും പുരോഗതിയുമാണ് ജനാതിപത്യം ലക്ഷ്യമിടുന്നത്. സാധാരണക്കാരനിലെ അറിവും ശാസ്ത്രബോധവും എത്തിക്കാൻ മാത്രഭാഷയെപോലെ സഹായകരമാകുന്ന മറ്റൊരുഭാഷയില്ല.

ജീവിതത്തിൽ ഭാഷയ്ക്കുള്ളസ്ഥാനം പ്രധമവും പ്രധാനവുമാണ് മനുഷ്യപുരോഗതിയുടെ അടിസ്ഥാനം തന്നെ ഭാഷയാണ്. സാധാരണക്കാരന്റെ ഉന്നവനത്തിനും രാഷ്ട്രത്തിന്റെ വളർച്ചയ്ക്കും സഹായിക്കുന്ന പ്രാദേശിക ഭാഷകൾ തന്നെയാണ് കലാശാലാതലവരെ ബോധമാദ്ധ്യമം ആകേണ്ടത്. മുതലിയാർ കമ്മീഷനും

കോത്താരി കമ്മീഷനും സർവ്വകലാശാലാ കമ്മീഷനും ഇതേ അഭിപ്രായമാണ് പ്രകടിപ്പിച്ചതെങ്കിലും ഇന്നും ഇത് നടപ്പാക്കാനായിട്ടില്ല എന്നത് ദുഖകരമാണ്. നമ്മുടെനാട് കേരളമാണ് നമ്മുടെ ഭാഷ മലയാളമാണ് ഭാഷകളിൽ നാം പ്രഥമസ്ഥാനം നൽകേണ്ടത് മാതൃഭാഷയ്ക്കായിരിക്കണം. മറിച്ച്,മറ്റ ഭാഷകൾക്ക് മാതൃഭാഷയെക്കാൾ പ്രധാന്യം നൽകരുത്. ഒരു വ്യക്തിക്ക് തന്റെ പെറ്റമ്മയെ പോലെയാണ് മാതൃഭാഷ.

ഒരുവ്യക്തിക്കു സ്വന്തം ജീവിതത്തിൽ ഏറ്റവുമധികം ആവശ്യമായി വരുന്നത് മാതൃഭാഷയാണ്. നാം സംസാരിക്കുന്നതും ചിന്തിക്കുന്നതും മാതൃഭാഷയിലൂടെയാണ്. ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും ആശ്വസിപ്പിക്കാനും ഏറ്റവും യോജിച്ച ഭാഷയും അതുതന്നെ. മാതൃഭാഷയുടെ വൈകാരികശക്തി മറ്റേതൊരു ഭാഷയ്ക്കും ഉണ്ടാവുകയില്ല വിദ്യാഭ്യാസത്തിന്റെ മാത്രമല്ല ജീവിതത്തിന്റെ തന്നെ അടിസ്ഥാന ശിലയാണ് മാതൃഭാഷ എന്നു പറയാം.

ഉപന്യാസം:

# നഷ്ടമാകുന്ന സൗഹൃദങ്ങൾ

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നാണല്ലോ പഴമൊഴി. ആത്മാർത്തമായ സൗഹൃദത്തിന്റെയും ഉത്തമരായ ചങ്ങാതി മാ-രുടെയും പ്രാധാന്യവും പ്രസക്തിയും എത്രത്തോളമെന്ന് ഈ ചൊ-ല്ല് വ്യക്തമാക്കുന്നു. വർഷങ്ങൾക്കു ശേഷവും ദൃഢമായി തുടരുന്ന സൗഹൃദങ്ങൾ നമ്മുടെ ജീവിതത്തിലെ ഒരു അമൂല്യസമ്പത്താണ് നമ്മുടെ എല്ലാ സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവെയ്ക്കുന്ന നമ്മുടെ ചങ്ങാതിമാരോടാണ് ചിലനേരങ്ങളിൽ മറ്റാർക്കും ചെയ്യാൻ കഴിയാത്തതുവരെ അവർ നമുക്കുവേണ്ടി ചെയ്തുതരും ഏത് ആപത്തിലും സഹായിക്കാൻ എത്ര ദു:ഖത്തിലും ആശ്വാസമേകാൻ ഒരു സുഹൃത്ത് എല്ലാവരുടെ ജീവിതത്തിലും ഉണ്ടാകും. നമ്മളും അവരുമായുള്ള സൗഹൃദം മരണംവരെ നീണ്ടുനിന്നാൽ അതാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത്.

ഇങ്ങനെയായിരുന്നു പഴയകാലം.സൗഹൃദങ്ങൾ അവരുടെ മരണംവരെ കൂടെയുണ്ടാവും.പക്ഷെ, ഇന്നത്തെ പുതുതലമുറയുടെ കാര്യം ഇതിൽ നിന്നും തികച്ചും വ്യത്യസ്തം. എല്ലാവരും അവരവരിലേക്ക് ചുരുങ്ങുകയും ഹൃദ്യമായ ബന്ധങ്ങൾ നഷ്ടമാവുകയും ചെയ്യുന്നു. എന്തിനും ഏതിനും തങ്ങളുടെ കാര്യം

മാത്രം നോക്കി എല്ലാവരും ഒതുങ്ങികഴിഞ്ഞിരിക്കുന്നു. ഇത് യുവാക്കളുടെയും യുവതികളുടെയും കാര്യം , ഇതിലും വ്യത്യസ്തമാണ് നമ്മൾ കുട്ടികളുടെയും കാര്യം. ഇന്ന് സ്കൂളിൽ വരാൻപോലും ആർക്കും താൽപ്പര്യമില്ല. മുഴുവൻ സമയവും മൊബൈലിൽ ചിലവഴിക്കാനാണ് എല്ലാവരും ശ്രമിക്കുന്നത്.

ഇങ്ങനെയുള്ള ഈ വിദ്യാഭ്യാസകാലം മാറേണ്ടിയിരിക്കുന്നു. ഈ വർത്തമാനകാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ആരോഗ്യകരമായ നല്ല സൗഹൃദബന്ധങ്ങൾ രൂപപ്പെടുന്ന ഒരിടമായി മാറണം. താൽകാലികമായ ബന്ധങ്ങൾക്കപ്പുറം നല്ല ബന്ധങ്ങളാകണം സൗഹൃദങ്ങൾ.സൗഹൃദം എന്ന കളങ്കമില്ലാത്ത സ്നേഹത്തിൻെറ വർണ്ണപുഷ്പങ്ങൾ വിരിയുന്നൊരു വസന്തമാകട്ടെ ഈ വിദ്യാഭ്യാസകാലം.

നല്ല ചങ്ങാതിമാരോടുള്ള നല്ല കൂട്ടുകെട്ട് മാത്രമേ എന്നും നിലനിൽക്കുകയുള്ളൂ. നേർവഴിക്കു നടക്കുന്നവരെ പോലും വഴിതെറ്റിക്കാൻ സൗഹൃദം എന്ന മൂന്നക്ഷരത്തിനു സാധിക്കും. ഇതുപോലെയുള്ള നിലനിൽക്കാത്ത ബന്ധങ്ങളിൽ ഉണ്ടാകുന്ന പ്രവർത്തികളാണ് നാം മാധ്യമങ്ങളിൽ കാണുന്നത്. അതുകൊണ്ട് നമ്മുടെ കൂട്ടുകെട്ട് എന്നും എപ്പോഴും ഒരു മാതൃകയാകണം. "എൻെറ ജീവിതമാണ് എൻെറ സന്ദേശം."-എന്ന് ഗാന്ധിജി

പറഞ്ഞതുപോലെ നമ്മുടെ കൂട്ടുകെട്ട് എല്ലാവർക്കും മാതൃകയായിമാറണം.

നഷ്ടമാകുന്ന സൗഹൃദങ്ങളെ മാറ്റിനിർത്തി മരണം വരെ നീണ്ടുനിൽക്കുന്നൊരു സൗഹൃദമാകട്ടെ നമ്മളോരോരുത്തരുടേതും.

# മായാത്ത ഓർമ്മകളുമായി

## കേരളം

കേരളജനതയെ ഒന്നാകെ നടുക്കിയ ഒരു മഹാ ദുരന്തമായിരുന്നു അത്. ഇതിനിടയിലുണ്ടായ-പ്രളയം മനുഷ്യ മനസ്സുകളിൽ കത്തിജ്വലിക്കുന്ന ദിവസങ്ങളായിരുന്നു. നിലകളായി കെട്ടി-യുയർത്തിയ വീടുകൾക്കുള്ളിൽ പ്രഭുക്കന്മാരാ-യിരുന്നവർ പെട്ടന്നാണ് ദരിദ്രരാകുന്ന കാഴ്-

ചയിലേക്കാണ് പ്രളയം നയിച്ചത്.
ആയിരക്കണക്കിന് ജീവനുകളാണ് മണ്ണിന-
ടിയിലായത്. പരിസരങ്ങൾ പുഴയായി മാറി.
എങ്ങും ദുരന്തത്തിൻെ ശബ്ദങ്ങളും വിശേഷ-
ങ്ങളും മാത്രം. പലരുടെയും സ്വപ്നങ്ങൾ വെള-
ളത്തിൽ ആഴ്ന്നിറങ്ങി തകരുകയായിരുന്നു.

## കവിത

# സൗഹൃദം

പള്ളിക്കൂടത്തിലെ  കുഞ്ഞു ബന്ധങ്ങൾ
ഇന്നിതാ പടർന്ന പന്തലിപ്പൂ....
അതിരുകളില്ല മതിലുകളില്ല  സ്നേഹം
ഇന്നുമെന്നും മനസ്സിൽ നിറയട്ടെ
ബാല്യം കഴിഞ്ഞ് കൗമാരമായും
കൗമാരം മാറിയൗവ്വനമായും മാറുമ്പോൾ
മനസ്സിലെന്നുമെന്നും  നിറഞ്ഞുനിൽക്കുന്നൊ-
രൊരുവാക്കുമാത്രമാകുന്ന  കൂട്ടുകാർ.
ഇത്രമേൽ  ദൃഢമാകും ബന്ധം
ജീവിതമൊട്ടാകെ ശോഭ നിറയ്ക്കുന്നു.
നല്ല സുഹൃത്തുക്കളെ  തിരഞ്ഞെടുക്കൂ...
അവരോടൊപ്പം നന്മയിൽ മുന്നേറൂ....

ഇതുപോൽ നന്മയിൽ  മുന്നേറിയ

ബന്ധങ്ങളെന്നും !

മഷി തട്ടിയ ദീപം പോൽ പ്രകാശിക്കട്ടെ

ആ  പ്രകാശം  ലോകമാകെ വിളങ്ങിടട്ടെ !

# കവിത.

## കാടിൻമകൻ തൻ യാതന

കുതിപ്പിനൊപ്പമുയരുമാ-

ഇളംക്കാറ്റും അറിഞ്ഞില്ലേ........

ലൃതെലന്തോ വരാനിരിക്കുന്നെന്ന സത്യം!

വിശപ്പിൻ യാതനയവർ കേൾക്കാത്തതോ, അതോ

കേട്ടില്ലെന്ന് നടിച്ചതോ?

അതെ! അതാണുസത്യം ?

“മധു"-തൻ നിലവിളി ആരുമറിഞ്ഞില്ലെന്നോ

പ്രാണൻ പിടഞ്ഞ ആ നൊമ്പരം

ഒരുനേരമന്നത്തിനായ് കേഴുന്ന കാടിൻ

മകൻതൻ  വേദന.

അന്നാ........കഴുകൻ  കണ്ണുകളിലെ തീപടർപ്പ്

മനുഷ്യന്റെയുള്ളിലെ ഭീകരത്വമോ?

ബന്ധനപ്പെടാനായി കണ്ണീരുകുടിക്കാനായി വേണ്ടി-

യിരുന്നില്ല ഇങ്ങനൊരു ജന്മം

സദാചാരർതൻ മർദ്ദനമേറ്റ്

നിറംചാലിച്ച സ്വപ്നങ്ങൾക്കു-

വിരാമമിടാൻ യാത്രാമൊഴി-

പോലും നൽകാതന്ന്

വിടപറഞ്ഞവനാണ്.....മധു

പ്രതീക്ഷകളുടെ നാമ്പടഞ്ഞ്

പ്രത്യാശകൾ കുപ്പുകുത്തി വീഴുന്ന

ഭയങ്ങളില്ലാത്ത ആ ലോകം

ഇന്നല്ലെങ്കിൽ നാളെ

നിനക്കു മുന്നിൽ തുറക്കപ്പെടും

ആരു നോക്കിയാലും കണ്ണെടക്കാത്ത

ആ സ്വർഗ്ഗതീരം

അവിടെ വിശപ്പില്ല.......

മർദ്ദനമില്ല.......

വർണ്ണവർഗ്ഗ വ്യത്യാസമില്ലാത്ത.....


"ഒരു ലോകം.........!"




കിനാവ്




സെൻ്റ് മേരീസ് ഹൈസ്കൂൾ കടുമേനി



By


Anusree Anil
IX B

# നന്ദി...